# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4412 25.06.2019 ൽ മറുപടിക്ക്**

**നിലമ്പൂർ നിയോജക മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. ഉടമസ്ഥതയില്ലുള്ള സ്ഥലങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) നിലമ്പൂർ നിയോജക മണ്ഡലത്തിൽ കരിമ്പുഴ പാലത്തിന് സമീപം പി.ഡബ്ല്യു.ഡി. ഉടമസ്ഥതയിൽ എത്ര സ്ഥലമാണുള്ളത്; ആയതിന്റെ സ്കെച്ച് ലഭ്യമാക്കാമോ; | എ) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ കരിമ്പുഴ പാലത്തിന് സമീപം റോഡിന് ആവശ്യമായ സ്ഥലം മാത്രമാണുള്ളത്. |
| ബി) ഈ നിയോജകമണ്ഡലത്തിൽ റോഡുകൾ അല്ലാതെ പി.ഡബ്ല്യു.ഡി.ക്ക് ഉടമസ്ഥാവകാശമുള്ള മറ്റ് സ്ഥലങ്ങളുണ്ടെങ്കിൽ വിസ്തീർണ്ണമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | ബി) | നിരത്തു വിഭാഗത്തിനു കീഴിൽ റോഡുകൾ അല്ലാതെ ഉടമസ്ഥാവകാശമുള്ള സ്ഥലങ്ങൾ<br>1. ചുങ്കത്തറ വില്ലേജ്, ബ്ലോക്ക് 95 സർവ്വെ 177/എ 0.8160 ഹെക്ടർ (പൊ.മ.വ.ക്വാറി)<br>2. അമരമ്പലം വില്ലേജ്, ബ്ലോക്ക് 121 സർവ്വെ 190/7 0.2840 ഹെക്ടർ (സർക്കാർ പുറമ്പോക്ക് ഭൂസ്ഥിതി വഴി)<br>കെട്ടിട വിഭാഗത്തിനു കീഴിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ഓഫീസ്, റസ്റ്റ് ഹൗസ്, പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ഓഫീസ് എന്നിവയുടെ സ്ഥലങ്ങളാണ് ഉള്ളത്. ഇവയുടെ വിസ്തീർണ്ണം രേഖകൾ പ്രകാരം ആകെ 157.627 സെന്റാണ്. |
| സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. ഉടമസ്ഥതയില്ലുള്ള സ്ഥലങ്ങൾ മറ്റേതെങ്കിലും വകുപ്പുകൾക്ക് മുൻപ് വിട്ടുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | സി) | നിലമ്പൂർ നഗരത്തിലെ വീട്ടിക്കുന്ന് റോഡിൽ നിന്നും കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ റോഡിലേക്കുള്ള ലിങ്ക് റോഡ് നിർമ്മാണത്തിന് 23 സെന്റ് സ്ഥലം നിലമ്പൂർ മുനിസിപ്പാലിറ്റിക്ക് വിട്ട് നൽകിയിട്ടുണ്ട്.<br>മലപ്പുറം ജില്ലാകളക്ടറുടെ 23.05.2005 തീയതിയിലെ നടപടിക്രമം നം. 53/2005 പ്രകാരം മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക് ചുങ്കത്തറ വില്ലേജിൽപ്പെട്ട 40.50 സെന്റ് സ്ഥലം യാത്രിനിവാസ് നിർമ്മിക്കുന്നതിനു വേണ്ടി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് വിട്ടു കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ